പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4701 22.03.2018 ലെ മറുപടിക്ക്

**കയർ തൊഴിലാളികളുടെ വേതനം ആഴ്ചയിൽ വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കയർ തൊഴിലാളികൾക്ക് വേതനം വിതരണം ചെയ്യുന്നതിന് ഏതെല്ലാം ബാങ്കുകളെയാണ് ശിപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) കയർ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം വേതനം വിതരണം ചെയ്യുന്നതിന് പ്രത്യേകിച്ച് ബാങ്കുകളെയൊന്നും നിഷ്കർഷിച്ചിട്ടില്ല. എന്നാൽ പൊതുമേഖലാ ബാങ്കുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഉത്തരവിലെ അംഗീകരിച്ച മാർഗ്ഗരേഖ 4(iii) പ്രകാരം 'Each worker shall open an account preferably in the branch of the same bank in which the Project Officer has started the account (not necessary if the worker has already have an account in the branch) ' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തുക ട്രാൻസ്ഫർ ചെയ്തു വരുന്നത്. |
| ബി) ഇവർക്ക് വേതനം അക്കൗണ്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) കയർത്തൊഴിലാളികൾക്ക് കയർ വ്യവസായ സഹകരണ സംഘങ്ങൾ നേരിട്ട് വേതനം വിതരണം ചെയ്യുന്നതിനും വേതനം ആഴ്ചയിൽ ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | സി)വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഉത്തരവിലെ അംഗീകരിച്ച മാർഗ്ഗരേഖ 4 (iv) പ്രകാരം 'The Co-operative Society/Private entrepreneurs shall deposit the existing wage of the workers in the bank account of each worker at least on weekly basis. The Project Officer (Coir) concerned shall deposit the eligible enhanced portion of the wage of each worker to the account on weekly basis after ensuring the eligibility' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ